## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 779 10.02.2016-ൽ മറുപടി നൽകേണ്ടിയിരുന്നത്

**'ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിലെ ക്യാൻസർ ഡിറ്റക്ഷൻ പ്രോഗ്രാം'**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.എഫ്.തോമസ് | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ ക്യാൻസർ ഡിറ്റക്ഷൻ പ്രോഗ്രാം നടപ്പിലാക്കിയതിന്റെ ഉദ്ദേശ്യങ്ങൾ എന്തൊക്കെ ആയിരുന്നു എന്ന് വ്യക്തമാക്കാമോ ; | (എ) | 2010-2011 സാമ്പത്തിക വർഷത്തിൽ ക്യാൻസർ കെയർ പദ്ധതി പ്രകാരം ലഭിച്ച ഫണ്ട് ഉപയോഗപ്പെടുത്തി ക്യാൻസർ രോഗ നിർണ്ണയ ക്ളിനിക് ചങ്ങനാശ്ശേരി താലൂക്ക് ആശുപത്രിയിൽ ആരംഭിക്കുകയുണ്ടായി.2011 ജൂൺ-ൽ ഇത് പ്രസവ വാർഡിനോട് അനുബന്ധമായ മുറിയിൽ സജ്ജീകരിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. പ്രധാനമായും ഗർഭാശയ ക്യാൻസറുകളുടെ നിർണ്ണയത്തിനായിട്ടാണ് ഇതിന്റെ സേവനം പരിമിതപ്പെടുത്തിയിരുന്നത്. സ്ത്രീകളിലെ പ്രധാനക്യാൻസറുകളായ മാറിടത്തിലെ ക്യാൻസർ, ഗർഭാശയ ക്യാൻസർ എന്നിവ നേരത്തെ നിർണ്ണയിക്കുന്നതിനും ചികിത്സ നിർദ്ദേശിക്കുന്നതിനും അതിലൂടെ സ്ത്രീകളിലെ ക്യാൻസർ കുറച്ചുകൊണ്ടുവരിക എന്നതായിരുന്നു ഇതിന്റെ ഉദ്ദേശ ലക്ഷ്യം. |
| (ബി) | ഇപ്പോൾ ഗർഭിണികളുടെ വാർഡിൽ മാത്രമായി ഈ പദ്ധതി ചുരുക്കിയിട്ടുണ്ടോ ; | (ബി) | ഗർഭിണികൾക്കും, ഗൈനക് ഒ.പി യിൽ എത്തിച്ചേരുന്ന എല്ലാ സ്ത്രീകൾക്കും ഈ സേവനം നൽകുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | മറ്റു വിഭാഗത്തിൽപ്പെട്ട രോഗികൾക്കും കൂടി ഈ സൗകര്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) | ഓങ്കോളജിസ്റ്റിന്റെയും, പരിശീലനം ലഭിച്ച ഡോക്ടറുടെയും സേവനം ലഭിക്കാൻ ബുദ്ധിമുട്ട് നേരിടുന്നതു കൊണ്ടാണ് മറ്റു വിഭാഗത്തിൽപ്പെട്ട രോഗികൾക്കും കൂടി ഈ സൗകര്യം ലഭ്യമാക്കാൻ സാധിക്കാത്തത്. |

**സെക്ഷൻ ഓഫീസർ**